**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** **23-07-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകൾക്കുള്ള സാമ്പത്തികസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് പ്രതിസന്ധിയെത്തുടർന്ന് ദേവസ്വം ബോർഡുകൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ദേവസ്വം ബോർഡുകൾക്ക് എന്തെല്ലാം സാമ്പത്തികസഹായങ്ങൾ നൽകിയിട്ടുണ്ട്; | (ബി) | കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ 2020-2021 സാമ്പത്തിക വർഷം ദേവസ്വം ബോർഡുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 90 കോടി കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 20 കോടി കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം |
| (സി) | ദേവസ്വം ബോർഡുകളെ സ്വയം പര്യാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13/07/2021 – ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള വിവിധ സാധ്യതകൾ ചർച്ച ചെയ്യുകയുണ്ടായി.ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുവാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ